# അശമന്നൂർ ഗ്രാമപഞ്ചായത്ത്

**E-Mail ID : asamannoor@gmail.com**

**Ph. 0484 2658245**

## പതിനാലാം പഞ്ചവത്സര പദ്ധതി
## 2022 – 2027

## വാർഷിക പദ്ധതി 2022 – 2023

## അന്തിമ പദ്ധതി രേഖ

## വാർഷിക പദ്ധതി രേഖ 2022-23


| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 3 |
| 2 | ഭരണ സമിതി അംഗങ്ങൾ | 4 |
| 3 | പൊതു വിവരങ്ങൾ | 5 |
| 4 | ജീവനക്കാർ | 6 |
| 5 | അങ്കണവാടികളും നീർത്തടങ്ങളും | 7 |
| 6 | സ്ഥാപനങ്ങളും ഘടക സ്ഥാപനങ്ങളും | 8 |
| 7 | വർക്കിംഗ് ഗ്രൂപ്പ് | 9 |
| 8 | ആസൂത്രണ സമിതി അംഗങ്ങൾ | 10 |
| 9 | ഭാഗം : 1. വികസന സ്ഥിതി അവസ്ഥ | 11 |
| 10 | 2. 2021-2022 വാർഷിക പദ്ധതി ചെലവ് | 13 |
| 11 | 3. പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും | 14 |
| 12 | 4. വികസന കാഴ്ചപ്പാട്, തന്ത്രം, നയസമീപനം | 15 |
| 13 | 5. പ്രതീക്ഷിത വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും | 16 |
| 14 | 6. പ്രോജക്ടുകളും (2012-23) അവയുടെ വിശദാംശങ്ങളും | 17 |
| 15 | 7. പ്രത്യേക പദ്ധതികൾ/പരിപാടികൾ<br>1.വനിത ഘടക പദ്ധതി<br>2.വൃദ്ധർ/പാലിയേറ്റീവ് രോഗികൾ<br>3.കുട്ടികൾ / ഭിന്നശേഷിയുള്ളവർ / ഭിന്ന ലിംഗക്കാർ<br>4.സമഗ്ര പാർപ്പിട നിർമ്മാണ പദ്ധതി<br>5.ആസ്തി സംരക്ഷണം | 23 |
| 16 | വായ്പാ ബന്ധങ്ങൾ | 25 |
| 17 | സംയോജന സാദ്ധ്യതകളും സമഗ്രപരിപാടികളും | 26 |
| 18 | മോണിട്ടറിംഗ് | 27 |
| 19 | ഉപസംഹാരം | 28 |



# ആമുഖം

2020 - 25 കാലയളവിലേക്ക് പുതിയ ഭരണ സമിതിയെ തിരഞ്ഞെടുത്തതിന് ശേഷമുള്ള രണ്ടാമത്തെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരിക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷ അന്തിമ പദ്ധതി രേഖയാണ് എന്നുള്ള പ്രത്യേകതയും ഇതിനുണ്ട്. ദേശീയ തലത്തിൽ പന്ത്രണ്ടാം പദ്ധതിയോടെ പഞ്ചവത്സര പദ്ധതികൾ ഉപേക്ഷിക്കുകയും പ്ലാനിംഗ് കമ്മീഷനുകൾ പിരിച്ചുവിടുകയും ചെയ്തു. അതോടെ സംസ്ഥാന ആസൂത്രണ ബോർഡുകളും ഇല്ലാതായി. എന്നാൽ കേരളം ആസൂത്രണ വികസന കാഴ്ചപ്പാടുകളിലൂടെ തന്നെ മുന്നോട്ട് പോകുകയും പതിമൂന്നാം പഞ്ചവത്സര പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്തു.

ഐക്യ കേരളത്തിന്റെ രൂപീകരണത്തോടെ അധികാരത്തോടെ വന്ന 1957 ലെ ഇ.എം.എസ് മന്ത്രിസഭ നിയമസഭയിൽ അവതരിപ്പിച്ച പഞ്ചായത്ത് വികസനത്തിനും ജില്ലാ ഭരണ നിയമത്തിനുമായി കൊണ്ടുവന്ന രണ്ട് ബില്ലുകളാണ് പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ആദ്യ ഉദ്യമം, തുടർന്ന് പല മാറ്റങ്ങൾക്കും ശേഷം 1992 ൽ വരുത്തിയ 72 73 ഉം ഭരണഘടനാ ഭേദഗതികളിലൂടെ പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് ഭരണ ഘടന പിൻബലം ലഭിക്കുകയും ചെയ്തു. ഭരണ ഘടന വിഭാവനം ചെയ്തപോലെ അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയ ഏക സംസ്ഥാനമാണ് കേരളം എന്നുള്ളത് നമുക്ക് ഓരോരുത്തർക്കും അഭിമാനിക്കാവുന്നതാണ്. കാലാവസ്ഥ വ്യതിയാനം മൂലം പ്രകൃതിദുരന്തങ്ങൾ തകർത്ത നമ്മുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും, പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ ജനവിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന സമാനമായ ഒരു വികസന കാഴ്ചപ്പാടാണ് പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നത്. കേരളം പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ കൈവരിച്ച നേട്ടങ്ങൾ കൂടുതൽ ഗുണമേൻമയിലേക്ക് എത്തിക്കുക. എന്ന ഉത്തരവാദിത്തമാണ് നമുക്കുള്ളത്.

2022 – 23 സാമ്പത്തിക വർഷത്തിൽ 9.07 കോടി രൂപ ഗ്രാമീണ ജനങ്ങൾക്കായി ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം, സ്വാന്തന പരിചരണ പരിപാടികൾക്ക് ധന സഹായം, വനിതകളുടെ ശാസ്ത്രീകരണത്തിന് ഉതകുന്ന പദ്ധതികൾ, ഭിന്ന ശേഷി ഉള്ളവർക്ക് സ്കോളർഷിപ്പ്, ക്ഷീര കർഷകർക്ക് പാൽവില സബ്സിഡി, ജനകീയ ഹോട്ടൽ, ശുചിത്വ മാലിന്യ പദ്ധതികൾ, ലൈഫ് ഭവന പദ്ധതി വീട് മെയ്ന്റനൻസ് എസ്. സി. തുടങ്ങിയ പരിപാടികളും 2022 – 23 വർഷത്തിൽ ജനകീയ പങ്കാളിത്തത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയ പരിപാടികൾക്ക് അനുസൃതമായി നടപ്പിലാക്കുന്നതിന് ഈ പഞ്ചായത്ത് ലക്ഷ്യമിടുന്നു.

വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും ഗ്രാമസഭകളുടെയും നിർദ്ദേശങ്ങളും ശുപാർശകളും പരിഗണിച്ചുകൊണ്ട് വികസന സെമിനാറും പഞ്ചായത്ത് കമ്മറ്റിയും ചർച്ച ചെയ്ത് അംഗീകരിച്ച വാർഷിക പദ്ധതി രേഖ പൊതുജന സമക്ഷം സമർപ്പിക്കുന്നു.

30.07.2022 സ്നേഹാദരങ്ങളോടെ
അശമന്നൂർ ഷിജി ഷാജി
പ്രസിഡന്റ്

## ഭരണ സമിതി അംഗങ്ങൾ



**ഷിജി ഷാജി**
പ്രസിഡന്റ്



**ജോബി ഐസക്ക്**
വൈസ് പ്രസിഡന്റ്



**ഗീത രാജീവ്**
ആരോഗ്യ വിദ്യാഭാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ



**ലത രാമചന്ദ്രൻ**
വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ



**അജാസ് യൂസഫ്**
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

### അംഗങ്ങൾ



**എൻ.വി പ്രതീഷ്**



**അഡ്വ. ചിത്ര ചന്ദ്രൻ**



**സുബി ഷാജി**



**സുബൈദ പരീത്**



**പി.കെ ജമാൽ**



**കെ.കെ മോഹനൻ**

| അംഗങ്ങൾ | സെക്രട്ടറി | ആസൂത്രണ സമിതി വൈസ് ചെയർമാൻ |
|---|---|---|



**ജിജു ജോസഫ്**



**രഘുകുമാർ പരമേശ്വരൻ കർത്ത**



**സരിത ഉണ്ണികൃഷ്ണൻ**



**രശ്മി എസ്**



**ജയൻ കെ എം**

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | അശമന്നൂർ |
| രൂപീകൃതമായ വർഷം | : | 1953 |
| വിസ്തീർണ്ണം | : | 21.57 ച.കി.മീ |
| വാർഡുകൾ | : | 14 എണ്ണം |
| ഉൾപ്പെടുന്ന വില്ലേജ് | : | അശമന്നൂർ |
| ഉൾപ്പെടുന്ന ബ്ലോക്ക് | : | കൂവപ്പടി |
| ഉൾപ്പെടുന്ന താലൂക്ക് | : | കുന്നത്തുനാട് |
| ഉൾപ്പെടുന്ന ജില്ല | : | എറണാകുളം |
| ഉൾപ്പെടുന്ന അസംബ്ലി മണ്ഡലം | : | പെരുമ്പാവൂർ |
| ഉൾപ്പെടുന്ന ലോകസഭാ മണ്ഡലം | : | ചാലക്കുടി |
| ജനസംഖ്യ | : | 19311 |
| പുരുഷന്മാർ | : | 9574 |
| സ്ത്രീകൾ | : | 9737 |
| സാക്ഷരത | : | 98% |
| അതിരുകൾ | | |
| വടക്ക് | : | വേങ്ങൂർ പഞ്ചായത്ത് |
| തെക്ക് | : | പായിപ്ര പഞ്ചായത്ത് |
| പടിഞ്ഞാറ് | : | രായമംഗലം പഞ്ചായത്ത് |
| കിഴക്ക് | : | നെല്ലിക്കുഴി, കോട്ടപ്പടി പഞ്ചായത്തുകൾ |
| ലോകസഭാ പ്രതിനിധി | : | ശ്രീ. ബെന്നി ബെഹനാൻ |
| നിയമസഭാ പ്രിതിനിധി | : | ശ്രീ. എൽദോസ് കുന്നപ്പിള്ളി |

### ജില്ലാ പഞ്ചായത്ത് ഡിവിഷനും പ്രതിനിധികളും

| | | |
|---|---|---|
| രായമംഗലം | : | ശ്രീമതി. ഷൈമി വർഗ്ഗീസ് |

### ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനും പ്രതിനിധികളും

| | | |
|---|---|---|
| മേതല ഡിവിഷൻ | : | ശ്രീമതി. എൻ. എം. സലിം |
| അശമന്നൂർ ഡിവിഷൻ | : | ശ്രീ. ലതാഞ്ജലി മുരുഗൻ |

## ജീവനക്കാർ

| | | |
|---|---|---|
| സെക്രട്ടറി | : | ശ്രീമതി. രശ്മി എസ് |
| അസിസ്റ്റന്റ് സെക്രട്ടറി | : | ശ്രീമതി. പ്രേമ ബി മേനോൻ പി |
| ഹെഡ് ക്ലർക്ക് | : | ശ്രീമതി. പ്രിയ എസ് |
| അക്കൗണ്ടന്റ് | : | ശ്രീ. യൂസഫ് സി എം |
| സീനിയർ ക്ലർക്ക് | : | ശ്രീമതി. ഫസീല റ്റി എ |
| | : | ശ്രീ. രാഗേഷ് മേനോൻ |
| | : | ശ്രീ. സുനിൽ വി |
| ക്ലർക്ക് | : | ശ്രീമതി. ജെസ്ന ടി ഏലിയാസ് |
| | : | ശ്രീ. ബിജു കുരിയാക്കോസ് |
| | : | ശ്രീമതി. നിഷാമോൾ പി എസ് |
| ഓഫീസ് അറ്റന്റന്റ് | : | ശ്രീ. ദിലീപ് സി ഡി |
| | : | ശ്രീമതി. സെലീന കെ എസ് |
| പാർട്ട് ടൈം സ്വീപ്പർ | : | ശ്രീമതി. മഞ്ജു രവി |
| പാർട്ട് ടൈം ലൈബ്രേറിയൻ | : | ശ്രീ. ജോർജ്കുട്ടി പി കെ |
| അക്രെഡിറ്റ് എഞ്ചിനീയർ MGNREGS | : | ശ്രീമതി. ലിജി പോൾ |
| ഓവർ സിയർ MGNREGS | : | ശ്രീ. അരുൺ കുമാർ കുമാർ എൻ എസ് |
| AITA MGNREGS | : | ശ്രീമതി. രശ്മി എസ് നായർ |
| | : | ശ്രീമതി. ലിജി പി ആർ |
| ടെക്നിക്കൽ അസിസ്റ്റന്റ് | : | ശ്രീ. ബേസിൽ തോമസ് |
| പ്രൊജക്റ്റ് അസിസ്റ്റന്റ് | : | ശ്രീ. വിവേക് എസ് കുമാർ |

## അശമന്നൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ

| | |
|---|---|
| 95 | ചെറുകുന്നം |
| 96 | വടക്കേ പുന്നയം |
| 97 | അശമന്നൂർ |
| 98 | പയ്യാൽ (കൊള്ളിപ്പറമ്പ്) |
| 99 | പനിച്ചയം |
| 100 | നൂലേലി പള്ളിപ്പടി |
| 101 | ഏക്കുന്നം |
| 102 | വണ്ടമറ്റം |
| 103 | തെക്കേ പുന്നയം |
| 104 | ഓടക്കാലി |
| 105 | ത്രിവേണി |
| 106 | കല്ലിൽ |
| 107 | പൂമല |
| 108 | ചാലിപ്പാറ |
| 140 | ചക്കൻചിറ |
| 141 | നൂലേലി അമ്പലപ്പടി |
| 142 | പയ്യാൽ കവല |
| 165 | പുളിയാമ്പിള്ളി മോളം |
| 174 | കോട്ടച്ചിറ |

## അശമന്നൂർ ഗ്രാമപഞ്ചായത്തിലെ നീർത്തടങ്ങൾ

1. ചെറുവട്ടൂർ അടിവാട് തോട്
2. മേതല
3. പൂമല
4. പുന്നയം
5. പയ്യാൽ
6. കോലാലിതോട്
7. നമ്പ്യാർ ചിറ
8. ഇരമല്ലൂർ തോട്

## അശമന്നൂർ ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾ

1. പഞ്ചായത്ത് ഓഫീസ്
2. സി.ഡി.എസ് ഓഫീസ്
3. ബഡ്സ് സ്കൂൾ
4. ജാഗ്രതാ സമിതി ഓഫീസ്
5. തുടർ സാക്ഷരതാ ഓഫീസ്
6. പഞ്ചായത്ത് ലൈബ്രറി
7. വനിത തൊഴിൽ പരിശീലന കേന്ദ്രം, തലപുഞ്ച
8. വനിത വിശ്രമ കേന്ദ്രം, ചെറുകുന്നം
9. പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രം, ഓടയ്ക്കാലി

## അശമന്നൂർ ഗ്രാമപഞ്ചായത്തിലെ ഘടക സ്ഥാപനങ്ങൾ

1. കൃഷിഭവൻ
2. പ്രൈമറി ഹെൽത്ത് സെന്റർ
3. ആയുർവേദ ഡിസ്പെൻസറി
4. ഹോമിയോ ഡിസ്പെൻസറി
5. മൃഗാശുപത്രി
6. വി.ഇ.ഒ ഓഫീസ്
7. അശമന്നൂർ യു.പി സ്കൂൾ
8. എ.ഇ ഓഫീസ്
9. ഐ.സി.ഡി.എസ് സൂപ്പർവൈസർ

# അശമന്നൂർ ഗ്രാമപഞ്ചായത്ത് - വർക്കിംഗ് ഗ്രൂപ്പ്

| സ്റ്റാന്റിംഗ് കമ്മറ്റി | വർക്കിംഗ് ഗ്രൂപ്പ് പേര് | ചെയർമാൻ | കൺവീനർ | വൈസ് ചെയർമാൻ |
|---|---|---|---|---|
| ധനകാര്യം | പൊതുഭരണവും ധനകാര്യവും | കെ.കെ മോഹനൻ | സെക്രട്ടറി അശമന്നൂർ ഗ്രാമപഞ്ചായത്ത് | എ. എൻ. രാജീവ് |
| വികസനം | കൃഷിയും അനുബന്ധ മേഖലയും | സരിത ഉണ്ണികൃഷ്ണൻ | കൃഷി ഓഫീസർ, അശമന്നൂർ | കെ. കെ. സുബ്രഹ്മണ്യൻ |
| | മൃഗ സംരക്ഷണവും ക്ഷീര വികസനവും | പി. കെ. ജമാൽ | വെറ്റിറിനറി സർജൻ, അശമന്നൂർ | എം. പി. നാരായണൻ |
| | പ്രാദേശിക സാമ്പത്തിക വികസനം | അഡ്വ. ചിത്ര ചന്ദ്രൻ | വി. ഇ. ഒ, അശമന്നൂർ | പി. എ. കാസിം |
| | പൊതു മരാമത്ത് | ലത രാമചന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ, അശമന്നൂർ | സജീഷ്. ഇ. എൻ |
| ക്ഷേമം | ദരിദ്ര ലഘൂകരണം | ജിജു ജോസഫ് | വി. ഇ. ഒ, അശമന്നൂർ | കെ. കെ. സുരേഷ് |
| | സാമൂഹ്യ നീതി | അജ്ജാസ് യൂസഫ് | ഐ. സി. ഡി. എസ് സൂപ്പർവൈസർ, അശമന്നൂർ | ബിന്ദു ബെസ്സി |
| | പട്ടിക ജാതി / പട്ടികവർഗ്ഗ വികസനം | എൻ. വി. പ്രതീഷ് | അസിസ്റ്റന്റ് സെക്രട്ടറി, അശമന്നൂർ | എം എ കാളിദാസൻ |
| | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | സുബൈദ പരീത് | ഐ. സി. ഡി. എസ് സൂപ്പർവൈസർ, അശമന്നൂർ | സരോജിനി. കെ. കെ |
| ആരോഗ്യം | ആരോഗ്യം | സുബി ഷാജി | മെഡിക്കൽ ഓഫീസർ, അശമന്നൂർ | കൃഷ്ണൻകുട്ടി റ്റി. കെ |
| | കുടിവെള്ളം, ശുചിത്വം | അജ്ജാസ് യൂസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ, അശമന്നൂർ | യൂനസ് എ. എം |
| | വിദ്യാഭ്യാസം, കല, സംസ്കാരം | ഗീത രാജീവ് | ഹെഡ് മാസ്റ്റർ, ഗവ. യു. പി. സ്കൂൾ അശമന്നൂർ | അനിത ജയൻ |

## അശമന്നൂർ ഗ്രാമപഞ്ചായത്ത് - ആസൂത്രണ സമിതി അംഗങ്ങൾ

| ക്രമ നമ്പർ | പേര് | വിലാസം | തസ്തിക | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | ഷിജി ഷാജി | പാറക്കാടൻ വീട്, അശമന്നൂർ പി.ഒ | അദ്ധ്യക്ഷൻ | 9562377446 |
| 2 | ജയൻ കെ. എം | കോലക്കാട്ട്, നെടുങ്ങപ്ര പി.ഒ | ഉപാദ്ധ്യക്ഷൻ | 9388046720 |
| 3 | രശ്മി എസ് (സെക്രട്ടറി) | കണ്ണോത്ത് വീട്, പട്ടിമറ്റം പി.ഒ | കൺവീനർ | 9496045737 |
| 4 | ജോബി ഐസക് | മേനോത്തുമാലി വീട്, അശമന്നൂർ പി.ഒ | വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 9447988274 |
| 5 | ലത രാമചന്ദ്രൻ | മാടശ്ശേരിക്കുടി വീട്, നെടുങ്ങപ്ര പി.ഒ | വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 9526917898 |
| 6 | അജാസ് യൂസഫ് | ചിറ്റേത്തുകൂടി വീട്, അശമന്നൂർ പി.ഒ | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | 9947670821 |
| 7 | ഗീത രാജീവ് | ആറുകണ്ടത്തിൽ വീട്, അശമന്നൂർ പി.ഒ | ആരോഗ്യ വിദ്യാഭാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ | 9400650145 |
| 8 | എം. കെ കൃഷ്ണൻ നമ്പൂതിരി | മഠം ഇല്ലം വീട്, അശമന്നൂർ പി.ഒ | മെമ്പർ | 9495220326 |
| 9 | സുജീഷ് എ. കെ | അടുക്കത്ത് പുത്തൻപുര വീട് , മേതല പി.ഒ | മെമ്പർ | 9544371621 |
| 10 | ബെന്നി ജോൺ | കാവളക്കൽ വീട്, അശമന്നൂർ പി.ഒ | മെമ്പർ | 9495652030 |
| 11 | ജയ | ചെറുപറമ്പിൽ വീട്, അശമന്നൂർ പി.ഒ | മെമ്പർ | 7025600428 |
| 12 | പി. എസ് രാജൻ | പുളിക്കൽ വീട്, അശമന്നൂർ പി.ഒ | മെമ്പർ | 9447821948 |
| 13 | സുജു ജോണി | ചെമ്പോത്തിനാൽ വീട്, അശമന്നൂർ പി.ഒ | മെമ്പർ | 9847589884 |

## അദ്ധ്യായം 1

# വികസന സ്ഥിതി വിശേഷം

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ കൂവപ്പടി ബ്ലോക്കിൽ അശമന്നൂർ വില്ലേജ് പരിധിയിലാണ് അശമന്നൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 2011ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിൽ 4714 കുടുംബങ്ങളിലായി 19311 പേരാണ് താമസിക്കുന്നത്. ഇതിൽ 50 ശതമാനത്തിൽ ഏറെ സ്ത്രീകളും 49.6 ശതമാനം പുരുഷന്മാരുമാണ് ഉള്ളത്. 1869 പേരാണ് SC വിഭാഗത്തിൽ ഉൾപ്പെടുന്നത്.

കുന്നുകളും താഴ്വരകളും ഇടകലർന്ന ഭൂപ്രകൃതിയാണ് നമ്മുടേത്. താഴ് വരകളിലെ നെൽ കൃഷി വിവിധ കാരണങ്ങളാൽ വളരെയേറെ കുറഞ്ഞിട്ടുണ്ട്. ചെറുകിട നാമമാത്ര കർഷകർ ഏറെയുണ്ടെങ്കിലും കാർഷീക മേഖലയിൽ വേണ്ടത്ര വികസനം ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. യൂണിയൻ ഗവൺമെന്റിന്റെ നയ വ്യതിയാനം ഇതിന് ഒരു പ്രധാന കാരണമായിട്ടുണ്ട്. സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണ് ഒട്ടുമുക്കാൽ പങ്കും അവരുടെ ഉന്നമനത്തിനും കൂടി ഉതകും വിധമുള്ള വ്യവസായ വത്കരണത്തിന് കാർഷീക മേഖലയ്ക്ക് ഒപ്പം ഊന്നൽ നൽകികൊണ്ടുള്ള വികസന നയമാണ് നാം നടപ്പാക്കി വന്നത്. അതിന്റെ ഗുണഫലങ്ങൾ ചുരുങ്ങിയ കാലം കൊണ്ടു തന്നെ നേടാൻ കഴിഞ്ഞതോടൊപ്പം അതിഥി തൊഴിലാളികൾ എന്ന ഒരു വിഭാഗം കൂടി നമ്മുടെ സാമൂഹികാന്തരീക്ഷത്തിലേയ്ക്ക് കടന്നു വന്നു.

1997-98 ന് മുമ്പ് കാർഷീക ഉത്പന്നങ്ങളുടെ ഉത്പാദന നഷ്ടം മൂലം നെൽപാടങ്ങൾ തരിശ് ആയി കിടക്കുകയും ആയത് നികത്തി വീട് നിർമാണത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന പ്രവണത കൂടുതലായിരുന്നു. 1997-98 മുതൽ വികേന്ദ്രീകൃതാസൂത്രണം മൂലം പഞ്ചായത്തിന് ഗണ്യമായ തുക ലഭിച്ചതിന്റെ ഭലമായി ഉത്പാദന മേഖലയിൽ കർഷകർക്ക് കൂടുതൽ സഹായങ്ങൾ അനുവദിക്കുകയും നിലം നികത്തുന്ന പ്രവണത ഒരു പരിധി വരെ തടയുന്നതിനും കഴിഞ്ഞിരുന്നു. നെൽകൃഷി, പച്ചക്കറി കൃഷി, തെങ്ങ് കൃഷി, കുരുമുളക് കൃഷി, വിവിധ പരിശീലന പദ്ധതികൾ, സർവ്വേകൾ എന്നിവ പദ്ധതികളുടെ ഭാഗമായി ചെയ്യാൻ കഴിഞ്ഞു.

കാർഷീക മേഖലയിലെ തൊഴിലാളി ദൗർലഭ്യം ഉയർന്ന കൂലി, ഉത്പന്നോപാധികളുടെ ക്രമാതീതമായ വിലവർദ്ധന, വില തകർച്ച എന്നിവ മൂലം കൃഷിയിൽ താത്പര്യം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കാർഷീകോത്പാദനം അഭിവൃദ്ധിപ്പെടുത്താൻ ജനകീയാസൂത്രണ പദ്ധതികളിലൂടേയും വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനങ്ങളിലൂടേയും കഴിയേണ്ടതുണ്ട്, ഇന്ന് ലഭ്യമാകുന്ന പദ്ധതി വിഹിതം രണ്ട് ഇരട്ടിയെങ്കിലും വർദ്ധിപ്പിക്കേണ്ടതുണ്ട്, തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് പരിശീലനം ലഭിച്ച എൻ.ആർ.ജി.എസ് തൊഴിലാളികളുടെ സേവനം എല്ലാ മേഖലകളിലും ലഭ്യമാക്കണം. പഞ്ചായത്തിൽ പരിശീലനം നേടിയ ഒരു തൊഴിൽ സേനയുടെ അഭാവം നിലനിൽക്കുന്നുണ്ട്. കർഷകർക്ക് സ്വയം ഉപയോഗിക്കൺ കഴിയുന്ന ചെറു യന്ത്രങ്ങൾ നൽകണം, ഇടവിള കൃഷികൾ പ്രോത്സാഹിപ്പിച്ച് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്ന തരത്തിൽ കൂടുതൽ പ്രോജക്ടുകൾ ഉണ്ടാക്കേണ്ടതുണ്ട്.

സമഗ്ര നെൽകൃഷി വികസനം, തെങ്ങ്കൃഷി വികസനം തുടങ്ങിയ പദ്ധതികൾ യതാർത്ഥ നേട്ടം കൈവരിച്ചവയാണ് പദ്ധതി വിഹിതവും കൃഷിവകുപ്പിൽ നിന്നും ലഭിക്കുന്ന പദ്ധതികളും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന പദ്ധതികളും സംയോജിപ്പിച്ച് തൊഴിലുറപ്പ് പദ്ധതി സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്തി പഞ്ചായത്തിലെ കാർഷീക മേഖലയെ പുരോഗതിയിലേയ്ക്ക് നയിക്കേണ്ടത് അനിവാര്യമാണ്.

വിവിധ വകുപ്പുകളുടേയും വിവിധ തലങ്ങളുടേയും പ്രവർത്തനവും പദ്ധതികളും സംയോജിപ്പിക്കാൻ കഴിയുന്നതാകണം പ്രവർത്തനങ്ങൾ. എൻ ആർ ഇ ജി എസ് പദ്ധതി തൊഴിലാളികളെ പരിശീലനം നൽകി ഉത്പാദന സേവന മേഖലകൾക്ക് യഥേഷ്ടം ലഭ്യമാക്കാൻ കഴിയണം.

പട്ടികജാതി കുടുംബങ്ങളുടേയും കോളനികളുടേയും വികസനത്തിനായി കഴിഞ്ഞ 3 പഞ്ചവത്സര പദ്ധതിക്കാലത്ത് ചെയ്തിരുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നെങ്കിലും ഇനിയും ഒട്ടേറെ കാര്യങ്ങൾ

പൂർത്തീകരിക്കാനുണ്ട്. പട്ടിക ജാതി വിഭാഗവുമായി ബന്ധപ്പെട്ട പൊതു ആവശ്യങ്ങൾക്ക് ഫണ്ട് ഉപയോഗിക്കുന്നതിലെ നിയന്ത്രണങ്ങളും സാങ്കേതികത്വവും ഈ മേഖലയെ പിന്നോട്ടടിപ്പിക്കുന്നുണ്ട്.

തൊഴിലും വരുമാനവും ഉറപ്പാക്കുക, വിദ്യാഭ്യാസ കാര്യങ്ങൾക്ക് വേണ്ട പ്രോത്സാഹനം നൽകുക, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാനുള്ള വിമുഖത ഇല്ലാതാക്കുക, പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങി പട്ടികജാതി വിഭാഗത്തിന്റെ വികസന സ്തിതി മെച്ചപ്പെടുത്താൻ ഇനിയും ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിന് കീഴിലുള്ള 5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ കുടിവെള്ളം എത്താത്ത പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുന്ന പദ്ധതികളും നടപ്പാക്കി വരുന്നു. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ പരാമാവധി വേഗത്തിലും ഗുണമേന്മയോടേയും നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിജയകരമായിരുന്നു. ആയതിനെ തുടർന്ന് പഞ്ചായത്ത് ഐ.എസ്. ഒ സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും ചെയ്തു.

വനിതകളുടെ ഉന്നമനത്തിനായി സ്വയം തോഴിൽ സംരഭങ്ങൾ, യോഗ പരിശീലനം, തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. മൃഗ സംരക്ഷണമേഖലയിൽ ക്ഷീര കർഷകരുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകിയുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണവും പുതിയ റോഡുകളുടെ നിർമാണവും, തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ, പുതിയവ സ്ഥാപിക്കൽ തുടങ്ങി പശ്ചാത്തല മേഖലയിലെ ഒട്ടു മിക്ക പ്രശ്നങ്ങൾക്കും പതിനാലാം പഞ്ചവത്സരപദ്ധതിക്കാലത്തു തന്നെ പരിഹാരം ഉണ്ടാക്കും വിധത്തിലുള്ള നയമാണ് സ്വീകരിച്ചിട്ടുള്ളത്.